# പതിനാലാം കേരളനിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3162 　　　　 21.08.2017 ൽ മറുപടിയ്ക്ക്

## ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കുറവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. എം.ഉമ്മർ** | | **ഡോ.കെ.ടി ജലീൽ**<br>**(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)** |
| എ) ഗ്രാമപഞ്ചായത്തിലെ ജോലിഭാരം സംബന്ധിച്ച് പഠിക്കുന്നതിന് സർക്കാർ ചുമതലപ്പെടുത്തിയ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും പഞ്ചായത്ത് ഡയറക്ടറും ഉൾപ്പെട്ട കമ്മീഷന്റെ 2012 ലെ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തിൽ ജീവനക്കാരുടെ കുറവുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | ഉണ്ട്. 1995 മുതൽ 2010 വരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനസംഖ്യാനുപാതികമായി വാർഡ് വിഭജനം നടക്കുകയും വാർഡുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടാകുകയും ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തന മേഖലകൾ വിപുലമാകുകയും ചെയ്തുവെങ്കിലും അതിനനുസൃതമായി ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായില്ലെന്ന വിവരം പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. |
| ബി) ആയത് തത്വത്തിൽ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | ബി) | ഉണ്ട്. |
| സി) സാമ്പത്തിക ബാധ്യത പരിഗണിച്ച് ജീവനക്കാരുടെ കുറവ് പരിഹരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; | സി) | ഇല്ല. |
| ഡി) ജീവനക്കാരുടെ അഭാവത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് എത്രമാത്രം കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നു എന്ന് പരിശോധിച്ചിട്ടുണ്ടോ; | ഡി) | ജീവനക്കാരുടെ അഭാവം ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയെ വലിയ രീതിയിൽ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | എങ്കിൽ ഗ്രാമപഞ്ചായത്തുകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | ഇ) | നിലവിൽ നഗരസഭകളായി പരിവർത്തനം ചെയ്ത ഗ്രാമപഞ്ചായത്തുകളിൽ ഉണ്ടായിരുന്ന തസ്തികകൾ പഞ്ചായത്ത് വകുപ്പിൽ തന്നെ നിലനിർത്തുന്നതിന്റെ ഭാഗമായി 37 അസിസ്റ്റന്റ് സെക്രട്ടറി, 146 സീനിയർ ക്ലാർക്ക്, 170 ക്ലാർക്ക്, 66 ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ ജോലിഭാരം കൂടിയ സംസ്ഥാനത്തെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ അധികമായി സൃഷ്ടിച്ച് സ.ഉ (കൈ) നം. 109/2017/തസ്വഭവ, തീയതി 05.06.2017 പ്രകാരം ഉത്തരവാകുകയും ഉദ്യോഗസ്ഥരെ അധികമായി നിയമിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ